<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5281</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>കർഷകർ സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് സബ്സിഡി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക രംഗത്ത് വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് വന്യജീവി ആക്രമണം മൂലം നാശനഷ്ടം ഉണ്ടായാൽ നിശ്ചിത മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്. കൂടാതെ സംസ്ഥാന കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ആനുകൂല്യം അനുവദിച്ചു വരുന്നു.** |
| (ബി) | വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യം ഒഴിവാക്കി കൃഷി സംരക്ഷിക്കുന്നതിന് കർഷകർ സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ആനുകൂല്യം അനുവദിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി 50 ലക്ഷം രൂപ "മാനേജ്മെന്റ് ഓഫ് അനിമൽ അറ്റാക്ക്" എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. സോളാർ ഫെൻസിങ്, ചെയിൻ ലിങ്ക്ഡ് ഫെൻസിങ്, തേനീച്ചവേലി, ബോറപ്പ്, ഇക്കഡോൺ എന്നീ വികർഷണ വസ്തുക്കൾ ഉപയോഗിക്കുക മുതലായ നിയന്ത്രണ മാർഗങ്ങൾക്കാണ് പ്രോജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചു വരുന്നത്. |
| (സി) | കർഷകർ നേരിട്ട് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് 100% സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | കർഷകർ നേരിട്ട് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് 100% സബ്സിഡി അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ